## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 276** **08-08-2023 - ൽ മറുപടിയ്ക്ക്**

## സൗന്ദര്യവർദ്ധക വസ്തുക്കളിലെ വിഷാംശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാരക വിഷാംശമുള്ള സൗന്ദര്യവർദ്ധക വസ്തുക്കൾ വ്യാജമായി ഉൽപ്പാദിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രമുഖ കമ്പനികളുടെ ബ്രാൻഡുകൾ എന്ന് അവകാശപ്പെടുന്ന രീതിയിൽ വ്യാജന്മാർ നടത്തുന്ന വിൽപ്പന നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഡ്രഗ്സ് കൺട്രോൾ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സംസ്ഥാന വ്യാപകമായി 2023 ഫെബ്രുവരി മാസത്തിൽ "ഓപ്പറേഷൻ സൗന്ദര്യ" എന്ന പേരിൽ റെയ്ഡ് നടത്തിയിരുന്നു. പ്രസ്തുത റെയ്ഡിൽ വിവിധ ജില്ലകളിലായി അൻപത്തിയഞ്ചോളം സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ, കോസ്മെറ്റിക് റൂൾസ് 2020-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ള misbranded ആയ സൗന്ദര്യ വർദ്ധക വസ്തുക്കൾ, മതിയായ കോസ്മെറ്റിക് നിർമ്മാണ ലൈസൻസുകളില്ലാതെ വിതരണം ചെയ്തിട്ടുളള സൗന്ദര്യ വർദ്ധക വസ്തുക്കൾ എന്നിവ പിടിച്ചെടുക്കുകയും നിയമലംഘനങ്ങൾക്ക് 18 ഓളം കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സൗന്ദര്യ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്ന മലയാളികൾക്ക് ത്വക്ക് രോഗങ്ങളും അനുബന്ധ രോഗങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉപഭോക്താക്കളെ കബളിപ്പിക്കുന്ന ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനു സ്വീകരിക്കാവുന്ന നടപടികൾ വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വ്യാജ നിർമ്മിതികൾ വില്പന നടത്തുന്നത് തടയുന്നതിന് ഡ്രഗ്സ് കൺട്രോൾ റൂം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; മരുന്നുകൾ വില്പന നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ; | (ഡി) | കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് മതിയായ രേഖകൾ ഇല്ലാതെ ഇവ സൂക്ഷിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും കോസ്മെറ്റിക് റൂൾസ് 2020-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | misbranded ആയ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും, മതിയായ കോസ്മെറ്റിക് നിർമ്മാണ ലൈസൻസുകളില്ലാതെ വിതരണം ചെയ്തിട്ടുള്ള സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും നിയമം അനുശാസിക്കുന്ന നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ച് വരുന്നു. ഇതു കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മാസം തോറും ഗുണനിലവാര പരിശോധനയ്ക്കായി മരുന്നുകൾക്ക് പുറമെ സൗന്ദര്യ വർദ്ധക വസ്തുക്കളും ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കോസ്മെറ്റിക്സ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് ലൈസൻസുകൾ ആവശ്യമില്ല. എന്നാൽ മരുന്നുകളുടെ വിൽപ്പന/വിതരണത്തിന് കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട്, 1940-നും അതിന് കീഴിലുള്ള റൂൾസിനും വിധേയമായി ഔഷധവ്യാപാര ലൈസൻസുകൾ അനിവാര്യമാണ്. ഡ്രഗ്സ് റൂൾസ്, 1945 –ലെ റൂൾസ് 64(2) പ്രകാരം, 10 ചതുരശ്ര മീറ്ററിൽ കുറയാത്ത വിസ്തീർണമുള്ളതും, കെട്ടുറപ്പുള്ളതും, വൈദ്യുതീകരിച്ചതുമായ മുറിയും മരുന്നുകൾ സൂക്ഷിക്കുന്നതിന് അനുയോജ്യമായ സ്റ്റോറേജ് സംവിധാനങ്ങളും (റഫ്രിജറേറ്റർ, അടപ്പുകളോടുകൂടിയതോ സൂര്യപ്രകാശം ഏൽക്കാത്ത രീതിയിൽ ഉള്ളതോ ആയ ഷെൽഫുകൾ) മരുന്നുകളുടെ സംഭരണത്തിനും വിൽപ്പനയ്ക്കുമുള്ള മേൽനോട്ടത്തിനായി ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനവും ഔഷധവ്യാപാര ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങളാണ്. ടി മാനദണ്ഡങ്ങളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഔഷധവ്യാപാര ലൈസൻസുകൾ നൽകി വരുന്നത്. |
| (ഇ) | പ്രമുഖ ബ്രാൻഡ് കമ്പനികളുടെ പേരിലും ലേബലിലുമുള്ള വ്യാജ വസ്തുക്കൾ നിർമ്മിച്ച് വില്പന നടത്തുന്നത് തടയാൻ എന്ത് സംവിധാനമാണ് സംസ്ഥാനത്തുള്ളതെന്ന് അറിയിക്കാമോ? | (ഇ) | കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് മതിയായ രേഖകൾ ഇല്ലാതെ ഇവ സൂക്ഷിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും കോസ്മെറ്റിക് റൂൾസ് 2020-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ള misbranded ആയ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും, മതിയായ കോസ്മെറ്റിക് നിർമ്മാണ ലൈസൻസുകളില്ലാതെ വിതരണം ചെയ്തിട്ടുള്ള സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും നിയമം അനുശാസിക്കുന്ന നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ച് വരുന്നു. ഇതു കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ |

| | | | |
|---|---|---|---|
| | | | മാസം തോറും ഗുണനിലവാര പരിശോധനയ്ക്കായി മരുന്നുകൾക്ക് പുറമെ സൗന്ദര്യ വർദ്ധക വസ്തുക്കളും ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കോസ്മെറ്റിക്സ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് ലൈസൻസുകൾ ആവശ്യമില്ല. എന്നാൽ മരുന്നുകളുടെ വിൽപ്പന/വിതരണത്തിന് കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട്, 1940-നും അതിന് കീഴിലുള്ള റൂൾസിനും വിധേയമായി ഔഷധവ്യാപാര ലൈസൻസുകൾ അനിവാര്യമാണ്. ഡ്രഗ്സ് റൂൾസ്, 1945 –ലെ റൂൾസ് 64(2) പ്രകാരം, 10 ചതുരശ്ര മീറ്ററിൽ കുറയാത്ത വിസ്തീർണമുള്ളതും, കെട്ടുറപ്പുള്ളതും, വൈദ്യുതീകരിച്ചതുമായ മുറിയും മരുന്നുകൾ സൂക്ഷിക്കുന്നതിന് അനുയോജ്യമായ സ്റ്റോറേജ് സംവിധാനങ്ങളും (റഫ്രിജറേറ്റർ, അടപ്പുകളോടുകൂടിയതോ സൂര്യപ്രകാശം ഏൽക്കാത്ത രീതിയിൽ ഉള്ളതോ ആയ ഷെൽഫുകൾ) മരുന്നുകളുടെ സംഭരണത്തിനും വിൽപ്പനയ്ക്കുമുള്ള മേൽനോട്ടത്തിനായി ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനവും ഔഷധവ്യാപാര ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങളാണ്. ടി മാനദണ്ഡങ്ങളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഔഷധവ്യാപാര ലൈസൻസുകൾ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ